**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **09-02-2023 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ വിദ്യാർത്ഥി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ക്ലാപ്പന സ്വദേശിയായ പ്ലസ് വൺ വിദ്യാർത്ഥി പോലീസിനെതിരെ ആത്മഹത്യാക്കുറിപ്പെഴുതി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | അടിപിടിക്കേസിൽ നൽകിയ പരാതി ഒത്തുതീർപ്പാക്കാൻ ഓച്ചിറ പോലീസ് ശ്രമിച്ചുവെന്നും ഇതിന് വിസമ്മതിച്ചപ്പോൾ പോലീസ് ഭീഷണിപ്പെടുത്തിയെന്നുമുള്ള വിദ്യാർത്ഥിയുടെ ആരോപണം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | പരാതി പോലീസ് ഒത്തുതീർപ്പാക്കാൻ ശ്രമിക്കുകയോ വിദ്യാർത്ഥിയെ പോലീസ് ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിദ്യാർത്ഥി പിതാവിനോടൊപ്പമാണ് സ്റ്റേഷനിൽ ഹാജരായത്. പരാതിയിൽ മൊഴി രേഖപ്പെടുത്തി ക്രൈം നം. 94/2023 u/s 143, 147, 148, 341, 324 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ